(ബി) എങ്കിൽ വിശദാംശം അറിയിക്കുമോ;

(സി) ഈ പദ്ധതി എന്നത്തേയ്ക്ക് നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്?

ഉത്തരം

(എ) ഉണ്ട്.

(ബി) 13-7-2004-ലെ സർക്കാർ ഉത്തരവ് (പി) 29/04/മത്സ്യ. പ്രകാരം മത്സ്യ മേഖലാ വികസന പരിപാലന നയം രൂപീകരിച്ച് ഉത്തരവു പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത നയത്തിൽ തീരദേശ മത്സ്യമേഖലയുടെ സമഗ്ര വികസനം വിഭാവനം ചെയ്യുന്നു.

(സി) ഉടനെ നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്.

തീരക്കടലിൽ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുവാൻ നടപടി

74 [3661] ശ്രീ. ഡൊമിനിക് പ്രസന്റേഷൻ:
,, പ്രയാർ ഗോപാലകൃഷ്ണൻ:
,, തേറമ്പിൽ രാമകൃഷ്ണൻ:
,, ടി. എൻ. പ്രതാപൻ:
,, സി. പി. മുഹമ്മദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തീരക്കടലിൽ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കാൻ എന്തെങ്കിലും പരിപാടിയുണ്ടോ;

(ബി) എങ്കിൽ വിശദീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുക എന്ന ലക്ഷ്യം മുൻനിർത്തി കടൽ മത്സ്യബന്ധന നിയന്ത്രണ നിയമം കാര്യക്ഷമമായി നടപ്പാക്കി വരുന്നു. ഇതിന്റെ ഭാഗമായി പഴ്സ്സീൻ, റിംഗ്സീൻ പെലാജിക് ട്രോൾ മിഡ് വാട്ടർ ട്രോൾ എന്നീ വലകൾ നിരോധിച്ചിട്ടുണ്ട്.

ബോട്ടം ട്രോളിംഗിന് 35 മില്ലിമീറ്ററിൽ കുറവു കണ്ണിവലുപ്പമുള്ള വലകൾ നിരോധിച്ചിട്ടുണ്ട്. യന്ത്രവൽകൃത ബോട്ടുകൾ രാത്രികാലങ്ങളിൽ തീരത്ത് ട്രോളിംഗ് നടത്തുന്നത് നിരോധിച്ചിട്ടുണ്ട്. ട്രോളിംഗ് നിരോധനം കാലാകാലങ്ങളിൽ ഏർപ്പെടുത്താറുണ്ട്.

പ്രധാനപ്പെട്ട അഴിമുഖങ്ങളിൽ മത്സ്യക്കുഞ്ഞുങ്ങളെ വിതയ്ക്കുന്ന പദ്ധതി നടപ്പാക്കുന്നുണ്ട്. മത്സ്യസമ്പത്ത് പോഷിപ്പിക്കുന്നതിനായി കൃത്രിമ പാരുകൾ നിർമ്മിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly